അമേരിക്കയിലെ ഒരു ചെറിയ നഗരം.  സമ്പന്നർ താമസിക്കുന്ന തെരുവ്. റോഡിലൂടെ പോകുന്ന ഒരുവനോട് ധനികയായ വീട്ടുകാരി വിളിച്ചുചോദിച്ചു. കുറച്ചു വിറക് കീറാൻ ഉണ്ട്. നോക്കുന്നോ ? കുറച്ച് ഡോളർ സമ്പാദിക്കാം ....ഒരു മണിക്കൂറിനകം വിറകും ഭംഗിയായി കീറി അടുക്കി അയാൾ അടുക്കളയിൽ അട്ടി വെച്ചു അപ്പോഴാണ് ധനികരുടെ മകൾ വീട്ടിലെത്തുന്നത് .പെൺകുട്ടിയുടെ മുഖം വിളറി.സർ .......അവൾ വിറച്ചുകൊണ്ട് വിളിച്ചു. വിറകുവെട്ടുകാരൻ യാത്ര പറഞ്ഞിറങ്ങി. മകൾ അമ്മയോട് പറഞ്ഞു.അലബാമ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വാഷിംഗ്ടൺ ആയിരുന്നു അത്. പിറ്റേ ദിവസം ആ അമ്മ കോളേജിലെത്തി.പ്രൊഫസർ വാഷിംഗ്ടനോട്  ക്ഷമ ചോദിച്ചു .അദ്ദേഹം പറഞ്ഞു." മാഡം എന്തിന് ക്ഷമ പറയുന്നു .എനിക്ക് മാഡം ഒരു ജോലി തന്നു. ഞാൻ അത് ചെയ്തു."

വലിയവർ ചെയ്യുവൻ കാര്യങ്ങളല്ല ചെറിയ കാര്യങ്ങളാണ് ലോകത്തിന് ഇത്തിരിവെട്ടം ആകുന്നത്

എഡിറ്റോറിയൽ

സ്വപ്നം നിറവേറാൻ ക്രൂരത
തന്റെ ഉറ്റ സുഹൃത്തുക്കൾ ആക്കി
വാർദ്ധക്യത്തിലെത്തിയ
മാതാപിതാക്കളെ മക്കളും ഒറ്റപ്പെടുത്തി
വൃദ്ധസദനങ്ങളിലേക്ക് ആയവർ
ഓരോരുത്തരെയും കൊണ്ടുപോയി .......
ഒരുനാൾ അവരെ കൊണ്ടുപോകാനായി
മക്കൾ സദനത്തിൽ എത്തി ...........
സന്തോഷത്തിൽ അവർ ആഹ്ലാദിച്ച് എങ്കിലും
സങ്കടം അവരെ തേടിയെത്തി .........
സ്വത്തിനായി മാത്രമാണെന്നും
മക്കൾ മാതാപിതാക്കളെ കാത്തിരുന്നേ........
മക്കളെ ഓർക്കുവിൻ ......
നിങ്ങളെ കണ്ടാണ് നിന്നുടെ മക്കൾ വളർന്നിരുന്നു .........
ഒരുനാൾ നിങ്ങൾക്കും
ഈ ആവലാതി വന്നാൽ
ഞങ്ങളെ നിങ്ങൾ ഓർമിച്ചീടുക..................

ഫാത്തിമ ഹാനിയ

തണലായും അമ്മിണി ആയി ജീവിച്ചു .വിധി രചിച്ച യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി നേരിടേണ്ടി വരുമ്പോഴും മകന്റെ മുഖം കാണുമ്പോൾ തളർന്നു പോയിട്ടുണ്ട്. ചിതലരിച്ച ജനൽ പാളിയിലൂടെ പുറത്ത് ആർത്തുല്ലസിച്ച് നടക്കുന്ന കുട്ടികളെ അവർ നോക്കുമായിരുന്നു. നഷ്ടപ്പെട്ടു പോയ ഭാഗ്യങ്ങൾ ഒക്കെയും അവന്റെ ഇളം മനസ്സ് തേങ്ങുന്നു ഉണ്ട് അത് അമ്മിണിക്ക് നന്നായി കേൾക്കാമായിരുന്നു. അമ്മിണിയെ തനിച്ചാക്കി അവനും പോയി. പോയി നക്ഷത്രങ്ങളുടെ ലോകത്തേക്ക് .എന്തുചെയ്യാം ഈ വഴിയിൽ ഏകയായി പോയ അമ്മയുടെ ഉള്ള നിറഞ്ഞ കരയുന്നണ്ടാവാം .തണുത്ത വെള്ളമെടുത്തു കുടിച്ചപ്പോൾ തൊണ്ടയ്ക്ക് തെല്ലൊരാശ്വാസം തോന്നിയെങ്കിലും തീക്കനൽ പോലെ എരിയുന്ന മനസ്സ് തണുപ്പില്ല. ഈ ജന്മം അത്രയും ആരുമില്ലാത്ത ഈ ജീവിതത്തിൽ ഒരു ഭാരമായി എന്തിന് അവശേഷിക്കണം .നൊമ്പരങ്ങൾ കുത്തി നോവിക്കുക യാണ് .ശാന്തതയും ഒറ്റപ്പെടലും കൊണ്ട് മങ്ങിയ ആ മുഖം എന്തൊക്കെയോ ഓർക്കുന്നുണ്ട്. ഇനിയും ഒരു ജീവിതം തനിക്ക് ഉണ്ടാവില്ല. ഒരു കണക്കിന് തന്റെ മകൻ മരിച്ചത് നന്നായി. അല്ലെങ്കിൽ ചലനമറ്റ ശരീരം കിടക്കുന്ന അവനെ എത്രയോ നാൾ ഞാൻ ഇനിയും കാണണമായിരുന്നു. ഒറ്റപ്പെടലിനെ വേദന അനുഭവിച്ച തീർക്കുകയാണ് അമ്മിണി. വിധി ഞാൻ സന്തോഷിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടാവാം ഇതുവരെ അമ്മിണിയുടെ പുഞ്ചിരിച്ച മുഖം ആരും കാണാത്തത്. അമ്മിണി പുറത്തിറങ്ങി വളർന്നു പന്തലിച്ചു നിൽക്കുന്ന ഒരു മാമരം. ഉണ്ടാകുന്നത് ഈ രാത്രിയുടെ ഏകാന്തതയിൽ ചീവീടുകളുടെ ശബ്ദം കാതിൽ മുഴങ്ങിക്കൊണ്ടിരുന്നു. അമ്മിണി അടുത്ത വീട്ടിലേക്ക് നടന്നു. തൊട്ടടുത്താണ് കുടുംബം .എന്ത് സന്തോഷമായി അവർ ജീവിക്കുന്നത്. എന്റെ എല്ലാ പ്രതീക്ഷകളും തകരാനുള്ള കാരണം എൻഡോസൾഫാൻ എന്ന രാസകീടനാശിനി. ഇനിയും ഒടുങ്ങാത്ത മനുഷ്യന്റെ സ്വാർത്ഥ താല്പര്യങ്ങൾക്ക് മുൻപിൽ എത്രയോ നിരപരാധികൾ ആയ ജീവനുകൾ പൊലിഞ്ഞു പോയിട്ടുണ്ട്. ഉയർത്തുന്ന ചോദ്യങ്ങൾക്കു മുമ്പിൽ അമ്മിണി അടുത്ത വീട്ടിലെത്തിയപ്പോൾ ,ശാരദ ചേച്ചി രണ്ടുപേരും ഒരുപാട് നേരം സങ്കടങ്ങൾ പങ്കുവെച്ച് കൊണ്ടേയിരുന്നു. ചുടുകണ്ണീർ ശമിക്കുന്നില്ല .ജീവിതം ,അർത്ഥം അർഥശൂന്യമായ നിൽക്കുകയാണ് മുന്നിൽ ഏത് പ്രതിസന്ധിഘട്ടങ്ങളിലും തരണം ചെയ്യാനുള്ള

മനക്കരുത്ത് ദുർബലമായി പോയത് ഏത് നിമിഷം ആണെന്ന് അറിയില്ല. എത്രയോ കാലം എന്നെ ഉരുകി ജീവിച്ചുപോന്നു. വസ്ത്രങ്ങൾ തയ്ച്ച് കൊടുക്കുന്ന കൈതൊഴിൽ കൊണ്ടാണ് ജീവിച്ചു പോകുന്നത്. കാലം ഉയർത്തെഴുന്നേൽക്കുക യുടെയും വളർച്ചയുടെയും വിധിയിലാണ് .ഏത്  കീടനാശിനി ഉപയോഗിച്ചാൽ എന്താ ,എത്ര ജീവൻ പൊലിച്ചു കളഞ്ഞാൽ എന്താ, ഒരു കുഴപ്പവുമില്ല .ഏത് സമയത്താണ് ഇത് കണ്ടുപിടിച്ചത് ?ഇനിയൊരു ജീവൻ കൂടി കൊടുക്കാൻ ഒരു മടിയുമില്ലാത്ത മാനവർ സ്വാർത്ഥതയുടെ വഴിയിലാണ് .....വിധിയുടെ ക്രൂരതകൾ മനസ്സിനുള്ളിൽ തറച്ച കയറുന്നു. ജീവിതത്തിലെ നൂലുകൾ പൊട്ടി പോകുന്നത് പോലെ തന്നെ വസ്ത്രം നീങ്ങുമ്പോൾ പൊട്ടിപോകുന്നത് പ്രതീക്ഷകളാണ്. മരവിച്ചുപോയ മനസ്സിനുള്ളിൽ ഇനിയെന്ത് പ്രതീക്ഷ.? പൗർണമിയുടെ നിലാവെളിച്ചം എങ്ങും പരന്നിരുന്നു... മയങ്ങാൻ വിസമ്മതിക്കുന്ന വഴികൾ...

മയങ്ങാൻ വിസമ്മതിക്കുന്ന മിഴികളും മനസ്സും..... ദിനരാത്രങ്ങൾ പെട്ടെന്ന് ഒഴിയുന്നില്ല .അസ്വസ്ഥതയിൽ മനസ്സ് നൊമ്പര പാടുകളിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. നീറുന്ന സ്മരണകൾക്ക് മുമ്പിൽ അമ്മിണി പകരുന്നില്ല .വിധി മുദ്രകുത്തിയ തനിക്ക് കിടക്കയിൽനിന്ന് ഓർമ്മകൾ അയവിറക്കി........ അസ്വസ്ഥത തളം കെട്ടിക്കിടക്കുന്ന മനസ്സിനെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല ...തേങ്ങുന്ന ഒരാത്മാവ് പ്രതീക്ഷകളെ കുത്തി നോവിക്കുക ,സ്വാർത്ഥ താല്പര്യങ്ങൾക്ക് മുട്ടുമടക്കുന്ന ഓരോരുത്തരും ..ഇലപൊഴിഞ്ഞ മരത്തിൻ ഇടയിലൂടെ ഒരു നക്ഷത്രം നോക്കി അമ്മിണിയെ നോക്കി മന്ത്രിച്ചു ..........."വരൂ"

നന്ദന

